ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 11.10.2024 **TIME : 07.25 PM**

പ്രധാന വാർത്തകൾ

1. രണ്ടു ദിവസത്തെ ലാവോസ് സന്ദർശനം വിജയകരമായി പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ത്യയിലെത്തി.

   Prime Minister Narendra Modi arrives in India after successfully completing two-day visit to Laos.

2. നവരാത്രി ആഘോഷ നിറവിൽ രാജ്യം. വിജയദശമിയുടെ പൂർവ്വ സന്ധ്യയിൽ രാഷ്ട്രപതി ദ്രൗപദി മുർമു രാജ്യത്തെ ജനങ്ങൾക്ക് ആശംസകൾ നേർന്നു.

   Navratri celebrations are full swing in the country. President Draupadi Murmu greeted citizens on the eve of Vijayadashami.

3. സമാധാനത്തിനുള്ള നൊബേൽ പുരസ്കാരം ജാപ്പനീസ് സംഘടനയായ നിഹോൻ ഹിഡാൻക്യോയ്ക്ക്.

   The Nobel Peace Prize goes to the Japanese organization Nihon Hidankyo.

4. മഹാരാഷ്ട്രയിൽ പരിശീലനത്തിനിടെയുണ്ടായ അപകടത്തിൽ രണ്ട് അഗ്നിവീർ സൈനികർക്ക് ജീവഹാനി.

   Two Agnivir soldiers lost lives in an accident during training in Maharashtra.

5. ഹേമ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട വിഷയം കേരള നിയമസഭയിൽ ഉന്നയിച്ച് പ്രതിപക്ഷം; വിഷയം ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാൽ ചർച്ചക്ക് അനുമതി നൽകാനാവില്ലെന്ന് സ്പീക്കർ.

   Opposition raises issues on Hema Committee report in Kerala Legislative Assembly; Speaker Denies Discussion Citing High Court is considering the issue.

6. കേരളത്തിൽ ശക്തമായ മഴ തുടരും; തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. മത്സ്യബന്ധനത്തിന് വിലക്ക്.

   Heavy rain to continue in Kerala; Orange alert issued in Thiruvananthapuram and Kollam districts today. Fishing ban implemented.

&&&&&&&&&&&&&&&&&&

HEAD LINE – 1

DAY PM EAST ASIA SUMMIT

രണ്ടു ദിവസത്തെ ലാവോസ് സന്ദർശനം വിജയകരമായി പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി

ഇന്ത്യയിലെത്തി. ലാവോ പിഡിആറിലെ വിയൻ്റിയനിൽ 19-ാമത് കിഴക്കൻ ഏഷ്യ ഉച്ചകോടിയിൽ അദ്ദേഹം ഇന്ന് പങ്കെടുത്തു. ദക്ഷിണ ചൈനാ സമുദ്രമേഖലയിൽ സമാധാനവും സുരക്ഷയും സുസ്ഥിരതയും ഉറപ്പാക്കുകയെന്നതാണ് മുഴുവൻ ഇന്തോ-പസഫിക്ക് മേഖലയുടെയും താൽപര്യമെന്ന് പ്രധാനമന്ത്രി പറഞ്ഞു. മേഖലയിൽ സമാധാനവും വികസനവും നിലനിർത്തുന്നതിന്, സുതാര്യമായ നയങ്ങളും എല്ലാവരെയും ഉൾകൊള്ളിച്ചുള്ള വികസനവും സമൃദ്ധിയും അനിവാര്യമാണെന്ന് അദ്ദേഹം വ്യക്തമാക്കി. വിവിധ പ്രദേശങ്ങളിലെ സംഘർഷങ്ങൾ ഗ്ലോബൽ സൗത്ത് രാജ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നും ശ്രീ മോദി പറഞ്ഞു. ഭീകരവാദത്തെ നേരിടാൻ മനുഷ്യർ ഒരുമിച്ച് പ്രവർത്തിക്കണമെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. വിവിധ മേഖലകളിലെ സഹകരണത്തിന്

ഇന്ത്യയും ലാവോസും ധാരണാപത്രങ്ങൾ കൈമാറി. ലാവോസിൽ പോഷകാഹാര സുരക്ഷ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതിക്ക് ഇന്ത്യ - യുഎൻ വികസന പങ്കാളിത്ത ഫണ്ട് മുഖേന ഒരു മില്യൺ യുഎസ് ഡോളർ സാമ്പത്തിക സഹായം നൽകാനും ഇന്ത്യ തീരുമാനിച്ചു.

&&&&&&&&&&&&&&&&&&

ASEAN SUMMIT-PM

ലാവോസിൽ നടന്ന ഇന്ത്യ-ആസിയാൻ ഉച്ചകോടിക്കിടെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് യുഎസ് സ്റ്റേറ്റ് സെക്രട്ടറി ആൻ്റണി ബ്ലിങ്കനുമായി കൂടിക്കാഴ്ച നടത്തി.

യുഎസിൽ മിൽട്ടൺ ചുഴലിക്കാറ്റിൽ ഉണ്ടായ ജീവഹാനിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചനം

രേഖപ്പെടുത്തി. ജപ്പാനിലെയും ന്യൂസിലൻഡിലെയും

പ്രധാനമന്ത്രിമാരുമായി ഉഭയകക്ഷി ചർച്ചകൾ നടത്തിയ ശ്രീ മോദി തായ്ലാൻഡ് പ്രതിനിധിയുമായും കൂടിക്കാഴ്ച നടത്തി.

&&&&&&&&&&&&&&&&&&

PM – ASEAN PLAN (INTRO..)

ആസിയാൻ രാജ്യങ്ങളുമായുള്ള ബന്ധവും സഹകരണവും ശക്തിപ്പെടുത്തുന്നതിന് പ്രധാനമന്ത്രി നരേന്ദ്രമോദി പത്തിന പ്രത്യേക പദ്ധതി പ്രഖ്യാപിച്ചു. ആസിയാനുമായി ചേർന്ന് വൈവിധ്യമാർന്ന സംരംഭങ്ങൾക്കാണ് ഇന്ത്യ ഇതിലൂടെ തുടക്കമിടുന്നതെന്ന് വിദേശകാര്യ മന്ത്രാലയ സെക്രട്ടറി ജയ്ദീപ് മജുംദാർ വാർത്താസമ്മേളനത്തിൽ അറിയിച്ചു.
(വോയിസ്....)

&&&&&&&&&&&&&&&&&&

REV PREZ – VISIT

രാഷ്ട്രപതി ദ്രൗപദി മുർമു മറ്റന്നാൾ മുതൽ ഏഴുദിവസം അൾജീരിയ, മൗറിറ്റാനിയ, മലാവി എന്നീ രാജ്യങ്ങൾ സന്ദർശിക്കും. അൾജീരിയൻ പ്രസിഡൻറിൻറെ ക്ഷണപ്രകാരമാണ് സന്ദർശനം. ഈ മാസം 13 മുതൽ 15 വരെ അൾജീരിയയിലാണ് ആദ്യഘട്ട സന്ദർശനം. രണ്ടാം ഘട്ടത്തിൽ മൗറിറ്റാനിയയും അവസാന ഘട്ടത്തിൽ മലാവിയും രാഷ്ട്രപതി സന്ദർശിക്കും.

&&&&&&&&&&&&&&&&&&

PM – INTERNSHIP

നൈപുണ്യ വികസനം ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പി എം ഇൻ്റേൺഷിപ്പ് പദ്ധതിക്കായി ഉദ്യോഗാർത്ഥികൾക്ക് നാളെ മുതൽ രജിസ്റ്റർ ചെയ്യാം. pminternship.mca.gov.in എന്ന ഓൺലൈൻ പോർട്ടലിലൂടെ 21 നും 24 നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് 18-00-11-60-90 എന്ന ടോൾഫ്രീ നമ്പറിൽ വിളിക്കേണ്ടതാണ്.

&&&&&&&&&&&&&&&&&&

HEAD LINE – 2

DURGASHTAMI+ PREZ

നവരാത്രി മഹോത്സവത്തിന്റെ ആഘോഷ നിറവിൽ രാജ്യം. വിജയദശമിയുടെ പൂർവ്വ സന്ധ്യയിൽ രാഷ്ട്രപതി ദ്രൗപദി മുർമു എല്ലാവർക്കും ആശംസകൾ നേർന്നു. പശ്ചിമ ബംഗാളിൽ ജനങ്ങൾ ദുർഗാ പൂജക്കായി അലങ്കരിച്ച പന്തലുകളിൽ ഒത്തുകൂടി. നവരാത്രി പ്രമാണിച്ച് പശ്ചിമ ബംഗാളിൽ രാത്രിയിലും

പൊതുഗതാഗത സംവിധാനം പ്രവർത്തന ക്ഷമമാണ്. കേരളത്തിലെ ക്ഷേത്രങ്ങളിലും വീടുകളിലും സ്ഥാപനങ്ങളിലും ഇന്നലെ മുതൽ പൂജവയ്പ് ചടങ്ങുകൾ ആരംഭിച്ചു. പനച്ചിക്കാട് ദക്ഷിണ മൂകാംബിക, ചോറ്റാനിക്കര, ആറ്റുകാൽ, പള്ളിക്കുന്ന് മൂകാംബിക തുടങ്ങിയ ക്ഷേത്രങ്ങളിൽ പുസ്തകങ്ങൾ പൂജയ്ക്ക് വയ്ക്കാൻ വലിയ തിരക്കാണ് അനുഭവപ്പെട്ടത്. വിജയദശമി ദിനമായ ഞായറാഴ്ച രാവിലെ പൂജയെടുപ്പും തുടർന്ന് വിദ്യാരംഭവും നടക്കും.

&&&&&&&&&&&&&&&&&

HEAD LINE – 3

NOBEL PEACE PRIZE

സമാധാനത്തിനുള്ള ഇത്തവണത്തെ നൊബേൽ പുരസ്കാരം ജാപ്പനീസ് സംഘടനയായ നിഹോൻ ഹിഡാൻക്യോയ്ക്ക്. ഹിരോഷിമയിലെയും നാഗസാക്കിയിലെയും അണുബോംബ് സ്ഫോടനത്തിലെ അതിജീവിതരുടെ ഈ പ്രസ്ഥാനം, ഹിബകുഷ എന്നും അറിയപ്പെടുന്നു, ആണവായുധങ്ങളില്ലാത്ത ഒരു ലോകത്തിനായുള്ള പരിശ്രമങ്ങൾക്കും ആണവായുധങ്ങൾ പ്രയോഗിക്കുന്നതിന്റെ പ്രത്യാഘാതങ്ങളെ കുറിച്ച് അവബോധം സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾക്കുമാണ് നൊബേൽ പുരസ്കാരം.

&&&&&&&&&&&&&&&&&

HEAD LINE – 4

MAHARASHTRA - AGNIVEER

മഹാരാഷ്ട്രയിൽ പരിശീലനത്തിനിടെയുണ്ടായ അപകടത്തിൽ രണ്ട് അഗ്നിവീർ സൈനികർക്ക് ജീവഹാനി. അഗ്നിവീർ ഗണ്ണർമാരായ ഗോഹിൽ വിശ്വരാജ് സിംഗ്, സൈകത് എന്നിവരാണ് മരിച്ചത്. സംഭവത്തിൽ കരസേന അന്വേഷണം പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&

BETTING APP ARREST

മഹാദേവ് വാതുവെപ്പ് ആപ്പ് കുംഭകോണവുമായി ബന്ധപ്പെട്ട് മുഖ്യസൂത്രധാരൻ സൗരഭ് ചന്ദ്രാകർ ദുബായിൽ അറസ്റ്റിലായി. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് റെഡ്

കോർണർ നോട്ടീസ് പുറപ്പെടുവിച്ചതിനെ തുടർന്നാണ് അറസ്റ്റ്. ഇയാളെ ഇന്ത്യയിലേക്ക് എത്തിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&

MURIN TYPHES

തിരുവനന്തപുരത്ത് മ്യൂറിൻ ടൈഫസ് സ്ഥിരീകരിച്ച 75 കാരൻ തലസ്ഥാനത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ. വിദേശത്ത് നിന്ന് വന്നയാൾക്കാണ് സി എം സി വെല്ലൂരിൽ നടത്തിയ പരിശോധനയിൽ രോഗം സ്ഥിരീകരിച്ചത്. ചെള്ള് പനിക്ക് സമാനമായ ബാക്ടീരിയൽ രോഗം മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്ക് പകരില്ല.

&&&&&&&&&&&&&&&&&

HEAD LINE – 5

NIYAMASABHA WALKOUT

ഹേമ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട വിഷയം സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യാനുള്ള ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് കേരള നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്. നോട്ടീസിൽ പറഞ്ഞിരിക്കുന്ന വിഷയം ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാലാണ് അനുമതി നിഷേധിക്കുന്നത് എന്ന് സ്പീക്കർ അറിയിച്ചു. പ്രതിപക്ഷത്ത് നിന്ന് കെ കെ രമയാണ് നോട്ടീസ് നൽകിയത്.

&&&&&&&&&&&&&&&&&

M B RAJESH (INTRO)

കണ്ണൂർ വിമാനത്താവളത്തിന് പോയിൻറ് ഓഫ് കോൾ പദവി നേടാൻ കൂട്ടായ ശ്രമം നടത്തണമെന്ന് മന്ത്രി എം ബി രാജേഷ്. നിയമസഭയിൽ സജീവ് ജോസഫ് എം എൽ എ യുടെ ശ്രദ്ധക്ഷണിക്കലിന് മുഖ്യമന്ത്രി പിണറായി വിജയനു വേണ്ടി മറുപടി നൽകുകയായിരുന്നു അദ്ദേഹം.
(വോയ്സ്)

&&&&&&&&&&&&&&&&&

IMD-WEATHER

തമിഴ്നാട്, പുതുച്ചേരി, തെക്കൻ കർണാടക, ഗോവ, ഗുജറാത്ത്, മഹാരാഷ്ട്ര, തുടങ്ങിയ ഇടങ്ങളിൽ വരും ദിവസങ്ങളിൽ കനത്ത മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തെലങ്കാന, ആന്ധ്രാപ്രദേശ്, യാനം എന്നിവിടങ്ങളിലും ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയുണ്ട്. കർണാടക- ഗോവ തീരത്തിനു സമീപം അറബിക്കടലിൽ രൂപപ്പെട്ട ന്യൂനമർദ്ദം വരും ദിവസ്സങ്ങളിൽ വടക്ക്-പടിഞ്ഞാറ് ദിശയിലേക്ക് നീങ്ങാൻ സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വിഭാഗം അറിയിച്ചു.

&&&&&&&&&&&&&&&&&&

HEAD LINE – 6

RAIN - KERALA

കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴ തുടരും. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ഇന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച് ജാഗ്രത നൽകി. ആറു ജില്ലകളിൽ മഞ്ഞ ജാഗ്രതയും നിലവിലുണ്ട്. ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയുള്ളതിനാൽ കേരള - ലക്ഷദ്വീപ് തീരങ്ങളിൽ തിങ്കളാഴ്ച വരെയും കർണാടക തീരത്ത് ഇന്നും നാളെയും മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&&&&

WOMEN T-20 WC

ഐസിസി വനിതാ ട്വന്റി - 20 ലോകകപ്പ് ക്രിക്കറ്റിൽ ഓസ്ട്രേലിയ പാകിസ്ഥാനുമായി ഏറ്റുമുട്ടുന്നു. ടോസ് നേടിയ ഓസ്ട്രേലിയ ബൗളിംഗ് തിരഞ്ഞെടുത്തു.

&&&&&&&&&&&&&&&&&&

NEW CHAIRMAN- TATA TRUSTS

ടാറ്റ ട്രസ്റ്റിൻ്റെ പുതിയ ചെയർമാനായി നോയൽ ടാറ്റയെ തിരഞ്ഞെടുത്തു. മുൻ ചെയർമാൻ രത്തൻ ടാറ്റയുടെ നിര്യാണത്തെ തുടർന്നാണ് നടപടി.

&&&&&&&&&&&&&&&&&&

INTERNATIONAL GIRL CHILD DAY

അന്താരാഷ്ട്ര ബാലികാ ദിനത്തോടനുബന്ധിച്ച്, ബേട്ടി ബച്ചാവോ ബേഠി പഠാവോ ദൗത്യത്തിന് കീഴിൽ രാജ്യവ്യാപകമായി പത്ത് ദിവസം വിപുലമായ പരിപാടികൾ സംഘടിഷിച്ചു. സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും പെൺകുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കാനും, അവർ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെക്കുറിച്ചു അവബോധം വളർത്താനും ചർച്ചകൾ നടന്നു. പെൺകുട്ടികളുടെ അവകാശങ്ങളും അവസരങ്ങളും തിരിച്ചറിയുന്നതിലൂടെ, സമത്വ പൂർണ്ണമായ സമൂഹത്തിന് വഴിയൊരുക്കണമെന്ന് കേന്ദ്ര വനിതാ ശിശു വികസന മന്ത്രി അന്നപൂർണാ ദേവി പറഞ്ഞു.

&&&&&&&&&&&&&&&&&

PAKISTAN- MINERS KILLED

പാകിസ്ഥാനിലെ ബലൂചിസ്ഥാനിൽ കൽക്കരി ഖനിയിൽ അജ്ഞാതൻ നടത്തിയ ആക്രമണത്തിൽ 20 പേർ കൊല്ലപ്പെട്ടു. എട്ട് പേർക്ക് പരിക്കേറ്റു. ഹാൻഡ് ഗ്രനേഡുകളും റോക്കറ്റ് ലോഞ്ചറുകളും ഉപയോഗിച്ചാണ് ആക്രമണം നടത്തിയതെന്ന് അധികൃതർ അറിയിച്ചു.

&&&&&&&&&&&&&&

&&&&&&&&&&&

&&&&&&&&&&